# ആർക്കും അപഹരിക്കാൻ കഴിയാത്തത്

## ലൂക്കോസ് 10:42

"എന്നാൽ അല്പമേ വേണ്ടു; അല്ല, ഒന്നുമതി മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അതു ആരും അവളോട് അപഹരിക്കുകയുമില്ല"

എത്ര അനുഗ്രഹിക്കപ്പെട്ട ഒരു സാക്ഷ്യമാണ് കർത്താവ് മറിയയെപ്പറ്റി പറഞ്ഞത്. നാം ഓരോരുത്തരെപ്പറ്റിയും ഇങ്ങനെ സാക്ഷ്യം പറയാൻ നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നു. എന്താണ് കർത്താവിനെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത്? കർത്താവിനെ തന്റെ ഭവനത്തിൽ കൈക്കൊണ്ട്, ആദരവോടെ അവനു വേണ്ട ശുശ്രൂഷ ചെയ്യുന്ന മാർത്ത, വളരെ അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷയാണ് മാർത്ത ചെയ്തത് എന്നു നമുക്ക് അറിയാം. പക്ഷെ എന്താണ് അവിടെ സംഭവിച്ചത്? താൻ ചെയ്യുന്ന ശുശ്രൂഷയുടെ മഹത്വം മനസിലാക്കാതെ അതിവേഗം മടുത്തു പോകുന്ന മാർത്തയെയാണ് നമ്മൾ കാണുന്നത്. പ്രിയ ദൈവജനമേ നാമും പലപ്പോഴും ഇങ്ങനെയല്ലയോ പ്രതികരിക്കുന്നത്. ചെയ്യുന്ന ശുശ്രൂഷയിൽ വിശ്വസ്തത പുലർത്താതെ, മറ്റു പലരേയും കുറ്റം വിധിക്കുന്ന അവസ്ഥ നമ്മുടെ ജീവിതത്തിലും ഇല്ലയോ. ഇവിടെയാണ് കർത്താവ് മാർത്തയോട് പറയുന്നത്, മറിയ നല്ല അംശം തിരഞ്ഞെടുത്തു എന്ന്.

തന്റെ ഗുരുവിന്റെ മഹത്വവും, സ്നേഹവും, ദയയും, ശക്തിയും എല്ലാം നന്നായി മനസ്സിലാക്കിയ മറിയ; തന്റെ ഗുരുവിന്റെ വചനങ്ങൾ ജീവന്റെ വചനങ്ങൾ ആണെന്നും, അത് തന്റെ ജീവിതത്തിൽ തരുന്ന ആനന്ദവും സമാധാനവും മറ്റെല്ലാത്തിനേക്കാളും വലുതാണന്നും തിരിച്ചറിഞ്ഞ്, ആ ഉൽകൃഷ്ടമായതിനു വേണ്ടി വാഞ്ചിച്ച്, ഗുരുവിന്റെ പാദപീഠത്തിൽ ഇരുന്ന് ശ്രവിച്ചു. മാർത്ത ഗുരുവിനെ ഭവനത്തിൽ കൈക്കൊണ്ടു, എന്നാൽ മറിയ ഗുരുവിനെ ഉള്ളത്തിൽ കൈക്കൊണ്ടു. മാർത്ത പലതിനെ ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയും ഇരിക്കുന്നു, എന്നാൽ മറിയ സമാധാനത്തോടെ ഗുരുവിനോടു കൂടെ ആയിരിക്കുന്നു. യേശുവിനെ ഉള്ളത്തിൽ കൈക്കൊള്ളുമ്പോൾ നമ്മിലുണ്ടാകുന്ന മാറ്റം ഇതാണ്. ഭൂമിയിലുള്ളതിനെ അല്ല ഉയരത്തിലുള്ളതിനെ അന്വേഷിക്കാനുള്ള ത്വര. ദൈവവചനം നമുക്ക് തരുന്ന സന്തോഷം, സമാധാനം, പരിജ്ഞാനം, ഭക്തി, വിവേകം, ആശ്വാസം ഇതിനോടു തുല്യം ചൊല്ലാൻ ലോകത്തിൽ ഒന്നുമില്ല. ലോകം നമുക്ക് തരുന്നത് എല്ലാം നശ്വരമാണ്. എന്നാൽ ജീവനാഥൻ നമുക്ക് തരുന്നത് അനശ്വരമായതാണ്. അത് ആർക്കും നമ്മിൽ നിന്ന് അപഹരിക്കുവാൻ സാധിക്കുകയില്ല. ഈ പരിജ്ഞാനം നമ്മിലെ

ഭയം, നിരാശ, നാളെയെക്കുറിച്ചുള്ള അകാരണമായ ചിന്ത, ജഡികമായ മോഹങ്ങൾ, ഇവയിൽ നിന്നെല്ലാം ജയം പ്രാപിക്കാൻ നമ്മെ സഹായിക്കുന്നു.

അതെ പ്രിയ ദൈവജനമേ, ആർക്കും അപഹരിക്കാൻ കഴിയാത്തത് നമുക്ക് തരാൻ നമ്മുടെ കർത്താവ് സന്നദ്ധനാണ്. അത് സ്വീകരിക്കാൻ നമുക്ക് അവന്റെ കാൽക്കൽ ഇരിക്കാം. നാഥൻ പറയുന്നതിനെ ശ്രദ്ധയോടെ ശ്രവിച്ച് നമ്മുടെ വഴികളെ നമുക്ക് സൂക്ഷിക്കാം. അപ്പോൾ അവന്റെ നല്ല സാക്ഷികളായി ഈ ലോകത്ത് ജീവിക്കുവാനുള്ള കൃപ നമുക്ക് കർത്താവ് തരും. ദൈവ നാമം മഹത്വപ്പെടുമാറാകട്ടെ

**പരാമർശം:**

ഫിലിപ്പിയർ 2:14–15

വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിന്നു എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു.

കൊലൊസ്സ്യർ 3:12

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തുദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 023**